പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1828 — 05.12.2014 - ൽ മറുപടിയ്ക്ക്

## 'ശ്രുതിതരംഗം' പദ്ധതിക്കായി ഉപകരണങ്ങൾ

| ചോദ്യം<br>ശ്രീ. വി. ശിവൻകുട്ടി | | ഉത്തരം<br>ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | 25.04.2012 മുതൽ 31.03.2013 വരെ കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കിയ ശ്രുതിതരംഗം പദ്ധതിക്കുവേണ്ടി എത്ര കോക്ലിയാർ ഇംപ്ലാന്റേഷൻ ഉപകരണങ്ങൾ വാങ്ങി എന്നു വ്യക്തമാക്കുമോ ; | (എ) | 25.04.2012 മുതൽ 31.03.2013 വരെ കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കിവരുന്ന ശ്രുതിതരംഗം പദ്ധതിക്കുവേണ്ടി 200 കോക്ലിയാർ ഇംപ്ലാന്റുകൾ വാങ്ങിയിട്ടുണ്ട്. |
| (ബി) | ഈയിനത്തിൽ എത്ര തുകയാണ് വിനിയോഗിച്ചിട്ടുള്ളത്; | (ബി) | 9,13,04,200/- രൂപ വിനിയോഗിച്ചിട്ടുണ്ട്. |
| (സി) | പർച്ചേസ് ചട്ടങ്ങൾ പാലിച്ചാണോ പ്രസ്തുത ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളത്; വിശദാംശങ്ങൾ നല്കുമോ? | (സി) | കേരളത്തിൽ കോക്ലിയാർ ഇംപ്ലാന്റ് സർജറിയിൽ പ്രാവീണ്യം നേടിയ ഡോക്ടർമാരുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ, ലഭ്യമായ 4 കോക്ലിയാർ ഇംപ്ലാന്റുകളുടെ സാങ്കേതികമായ സ്വീകാര്യത, ഓപ്പറേഷനു മുമ്പുള്ള സാങ്കേതിക സഹായവും മേൽനോട്ടവും ഗുണനിലവാരവും എന്നിവ വിലയിരുത്തി കേരളത്തിലെ കുട്ടികൾക്ക് അനുയോജ്യമായ കോക്ലിയാർ ഇംപ്ലാന്റുകൾ ശുപാർശ ചെയ്യുവാൻ സ.ഉ(ആർ.റ്റി)നം. 3713/2011/ആ.കു.വ തീയതി 22.10.2011 പ്രകാരം ഗവൺമെന്റ് ഒരു ടെക്നിക്കൽ കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കോക്ലിയാർ ഇംപ്ലാന്റുകളുടെ സാങ്കേതിക പരിശോധനയും ഈ രംഗത്തെ വിദഗ്ധരായ ഡോക്ടർമാരിൽ നിന്നുള്ള Feed back ഉം വിലയിരുത്തിയതിനുശേഷം കമ്മിറ്റി കേരളത്തിലെ കുട്ടികൾക്ക് അനുയോജ്യമായ ഇംപ്ലാന്റ് അഡ്വാൻസ്ഡ് ബയോണിക്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിന്റെയും കോക്ലിയാർ |

| | | | |
|---|---|---|---|
| | | | മെഡിക്കൽ ഡിവൈസ് കമ്പനി പ്രൈവറ്റ് ലിമിറ്റഡിന്റേതുമാണെന്ന് ശുപാർശ ചെയ്തു പ്രകാരം മേൽ കമ്പനികളിൽ നിന്നും സർക്കാർ അനുമതി നൽകിയിട്ടുള്ളത് പ്രകാരമാണ് കോക്ലിയാർ ഇംപ്ലാന്റുകൾ വാങ്ങുന്നത്. |

**സെക്ഷൻ ഓഫീസർ**